**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3508** **12-03-2025 - ൽ മറുപടിയ്ക്ക്**

**പച്ചക്കറികളിലെ വിഷാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വിപണനത്തിനെത്തുന്ന പച്ചക്കറികളിൽ മാരക വിഷാംശങ്ങളുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പരിശോധിക്കാൻ നിലവിൽ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | കേരള കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട പരിശോധനയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് എത്തിച്ചേരുന്ന 9 മുതൽ 12% പച്ചക്കറികളിലും പഴങ്ങളിലും കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.<br><br>കേരളത്തിലെ വിവിധ പച്ചക്കറി മാർക്കറ്റുകളിൽ എത്തുന്ന പച്ചക്കറിയുടെ സാമ്പിൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ശേഖരിച്ച് അവയെ കേരള കാർഷിക സർവ്വകലാശാലയുടെ ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ തിരുവനന്തപുരം, കോട്ടയം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ശാലകൾ പ്രവർത്തിക്കുന്നുണ്ട്. 2023 വർഷം മുതൽ ഭക്ഷ്യസുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശവും പ്രസ്തുത ലാബിൽ തിട്ടപ്പെടുത്തുകയും പച്ചക്കറികളിലെ അവശിഷ്ട വിഷാംശം സംബന്ധിച്ച റിപ്പോർട്ട് തൊട്ടടുത്ത മാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു വരുന്നു. ഈ റിപ്പോർട്ടുകളിൽ കൂടി പച്ചക്കറിയിൽ അടങ്ങിയിരിക്കുന്ന വിഷാംശത്തിന്റെ തീവ്രതയും ഏത് സ്രോതസ്സിൽ നിന്നുമാണ് സാമ്പിൾ ലഭ്യമാക്കിയതെന്നും പൊതുജനങ്ങൾക്ക് അറിവ് ലഭ്യമാകുന്നു. കൂടാതെ കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും ഒരു പരിധി വരെ സഹായകമാകുന്നു. ഇത് സുരക്ഷിത |

| | | | |
|---|---|---|---|
| | | | **പച്ചക്കറിയുടെ ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സഹായകമാകും.**<br><br>**പ്രസ്തുത ലാബുകളിൽ കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായി ഗ്യാസ് ക്രോമാറ്റോഗ്രാഫ്, ഗ്യാസ് ക്രോമാറ്റോഗ്രാഫ് മാസ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രോമാറ്റോഗ്രാഫി-ഹൈ റെസല്യൂഷൻ മാസ് സ്പെക്ട്രോമീറ്റർ തുടങ്ങിയവ ഉപയോഗിച്ച് ഒരു സാമ്പിളിൽ 105 കീടനാശിനികൾ വരെ പരിശോധിക്കാവുന്ന അത്യാധുനിക സംവിധാനങ്ങൾ നിലവിലുണ്ട്.** |
| (ബി) | വിഷരഹിത പച്ചക്കറികൾ വിപണിയിലെത്തിക്കാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ? | (ബി) | സംസ്ഥാനത്തു ജൈവ കാർഷിക മേഖലയിൽ ശക്തമായ ഇടപെടലുകൾ നടത്തുന്നതിനായി ജൈവ കാർഷിക മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മിഷൻ പ്രവർത്തനങ്ങളിലൂടെ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പ്പന്നങ്ങൾ വിപണനം നടത്തുന്നതിനായി ഹോർട്ടികോർപ്പ്, VFPCKഎന്നിവയുമായി സംയോജിച്ചു പ്രവർത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ ഹോർട്ടികോർപ്പിന്റെ തിരുവനന്തപുരം(1), ആലപ്പുഴ(4), എറണാകുളം(1), തൃശ്ശൂർ(1), കോഴിക്കോട്(1) പ്രവർത്തിക്കുന്ന ആകെ 8പ്രീമിയം ജൈവ വിപണികളിലൂടെ ജൈവ ഉൽപ്പന്നങ്ങൾ ബ്രാന്റിംങ്ങോട് കൂടി വിറ്റഴിക്കാൻ ആരംഭിച്ചിട്ടുണ്ട്. മാത്രമല്ല കേരളത്തിലൊട്ടാകെ ആകെ 14 കേരളാ ഗ്രോ ബ്രാൻഡഡ് ഷോപ്പുകളിലൂടെ കേരളാ ഗ്രോ ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നു.<br><br>കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കാർഷിക സർവ്വകലാശാലയുടെ വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ലാബോറട്ടറിയിൽ 2013 മുതൽ നടന്നു വരുന്ന<br><br>"സേഫ് ടു ഈറ്റ്" പദ്ധതിയിൽ പച്ചക്കറികളുടെ കീടനാശിനി പരിശോധന നടത്തുകയും അതിന്റെ വെളിച്ചത്തിൽ കർഷകർക്ക് തുടർച്ചയായി ബോധവൽക്കരണ പരിപാടികൾ നടത്തുകയും ചെയ്തു വരുന്നു.<br><br>'ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതി' എന്ന ത്രിവത്സര പദ്ധതി പ്രകാരം APEDA (അഗ്രികൾച്ചറൽ ആന്റ് പ്രോസസ്സ്ഡ് ഫുഡ് പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്പ്മെന്റ് അതോറിറ്റി) അംഗീകരിച്ചിട്ടുള്ള രണ്ടു സർട്ടിഫിക്കേഷൻ ഏജൻസികളായ LACON, |

| | | | |
|---|---|---|---|
| | | | INDOCERT മുഖാന്തിരം NPOP ജൈവ സർട്ടിഫിക്കേഷൻ നടപ്പിലാക്കി വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി (BPKP) പ്രകാരം<br><br>7945.38 ഹെക്ടറിലെ 31696 കർഷകർ അംഗങ്ങളായ 1017 ഗ്രൂപ്പുകൾക്ക് PGS Green സർട്ടിഫിക്കറ്റ് നാളിതുവരെ നൽകാൻ സാധിച്ചു. NPOP/PGS ജൈവ സാക്ഷ്യപ്പെടുത്തലിനും, നടപടി ക്രമങ്ങൾക്കുള്ള ചെലവുകൾ കർഷകന്റെ കൃഷിയിടം ജൈവവൽക്കരിക്കുന്നതിനുള്ള ചിലവുകൾ എന്നിവ ടി പദ്ധതികൾ പ്രകാരം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വിഭാഗം കർഷകർക്കും പ്രയോജനപ്രദമായ ഈ പദ്ധതി സാക്ഷ്യപ്പെട്ടുത്തിയ 502 കാർഷിക ഉത്പന്നങ്ങൾക്ക് അധികമൂല്യം ലഭിക്കുന്നതിനും ഉണഭോക്താക്കൾക്ക് വിഷരഹിതമായ ജൈവ കാർഷിക ഉല്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നവയുമാണ്. |

സെക്ഷൻ ഓഫീസർ